# ക്രിസ്തുവിന്റെ സ്പർശനം

യേശു തൊട്ടാൽ രൂപാന്തരം സംഭവിക്കുമെന്ന് അനുഭവിച്ചറിയാൻ എന്റെ ജീവിതത്തിലൊരവസരം ഉണ്ടായി.മൂന്നു വർഷം മുൻപ് നവംബർ മാസത്തിൽ ആദ്യമായി ഞങ്ങൾക്കു ലഭിച്ച കൊച്ചുമകനെ മാസം തികയാത്തതിനാൽ ആശുപത്രിയിലെ തീവ്രപരിചരണവിഭാഗത്തിലാക്കി. കുട്ടിക്കുണ്ടായ ഛർദ്ദിയും നിറംമാറ്റവും എല്ലാവരേയും ഭയപ്പെടുത്തി. ബന്ധുക്കളെ അറിയിക്കുവാൻ ഡോക്ടർ മുന്നറിയിപ്പു നൽകി.കുഞ്ഞിനെ ചികിൽസിച്ച ഡോക്ടർ അവൻ ജീവിക്കുവാൻ ഒരു ശതമാനം മാത്രമേ സാധ്യതയുള്ളുവെന്ന് വിധിയെഴുതി. എന്നാൽ സകലവും തരുവാൻ ശക്തിയുള്ള ദൈവകരങ്ങളിൽ ഏൽപ്പിച്ച് കുഞ്ഞുനെ കോട്ടയം മെഡിക്കൽ സെന്ററിൽ നിന്നും മെഡിക്കൽകോളജിലേക്കുമാറ്റുവാൻ ഞങ്ങൾ തീരുമാനിച്ചു. അതിനുവ്ണ്ടി ഓക്സിജൻബന്ധം വിഛേദിച്ചപ്പോൾ കുഞ്ഞിന്റെ മുഖത്ത് ഒരു പുഞ്ചിരി വിളയാടി .നിറത്തിനും വ്യത്യാസം വന്നു, കുഞ്ഞ് മരിക്കാൻപോകുന്നതിന്റെ ലക്ഷണമാണോ എന്ന് ഞങ്ങൾ ഭയപ്പെട്ടെങ്കിലും ദൈവം അവനെ തൊട്ട നിമിഷങ്ങളായിരുന്നു അതെന്ന് ഞങ്ങൾക്ക് പിന്നീട് മനസ്സിലായി.ഇപ്പോൾ അവ് മൂന്നു വയസ്സ് പ്രായമുള്ള ആരോഗ്യവാനായ ഒരു കുട്ടിയായി ഞങ്ങളോടൊപ്പമുണ്ട്.

വിശ്വാത്തോടെ യേശുവിനെ തന്റെ മകളുടെ അവസ്ഥ ധരിപ്പിക്കുകയും വീട്ടിലേക്കു ക്ഷണിക്കുകയും ചെയ്ത പള്ളിപ്രമാണി ,ഗുരു എത്തും മുൻപേ മകൾ മരിച്ചുപോയ വിവരം പറഞ്ഞപ്പോൾ യേശുക്രിസ്തു പള്ളിപ്രമാണിയോട് ഭയപ്പെടേണ്ട വിശ്വസിക്കമാത്രം ചെയ്ക എന്നു പറഞ്ഞു. ജീവൻമേലും മരത്തിൻമേലും അധികാരമുള്ളവനാണ് ഈ പറഞ്ഞത്.ബാല മരിച്ചു എന്നറിഞ്ഞിട്ടും ആ വീട്ടിലേക്ക് പോകുവാൻ യേശുക്രിസ്തുവിനു സാധിച്ചത് ജീവൻ നൽകുവാൻ കർത്താവിനു കഴിയും എന്നതുകൊണ്ടാണ്. അവിടെ ചെന്ന് ബാലേ എഴുന്നേൽക്ക് എന്നു പറഞ്ഞ് യേശു അവളെ തൊട്ടു അവൾ എഴുന്നേറ്റു.

യേശു ക്രിസ്തു മരിച്ചവരെ തൊട്ടാലും അവർ എഴുന്നേൽക്കും .ഏതശുദ്ധനെയും തൊട്ടാൽ ശുദ്ധനാകും . യേശു ഏതു രോഗിയേ സ്പർശിച്ചാലും രോഗി സുഖമാകും.വിശ്വാസത്തോടെ യേശുക്രിസ്തുവിനെ തൊട്ടവരും സുഖം പ്രാപിച്ചിട്ടുണ്ട്.ഒരു വാക്കു മാത്ര കൽപിച്ചാലും രോഗി സുഖം പ്രാപിക്കുമെന്ന വിശ്വാസം ആ യഹൂദനല്ലാത്തശതാധിപനേപ്പോലെ നമുക്കും ഉണ്ടായിരിക്കണം. നമ്മുടെ വിശ്വാസമാണ് യേശുക്രിസ്തുവിനെ തൊടേണ്ടത്.അല്ലാതെ നമ്മുടെ പിറമേയുള്ള സ്പർശനമല്ല യേശുക്രിസ്തു ആഗ്രഹിക്കുന്നത്.പുറമേയുള്ള സ്പർശനത്തിൽ വിശ്വാസത്തിന്റെ ആത്മാവ് വ്യാപരിക്കുന്നില്ലെങ്കിൽ ആ സ്പർശനം വ്യഥാവാണ്.

പ്രീയ വിശ്വാസികളേ നാം പല കാര്യങ്ങളിലും യേശുക്രിസ്തുവിനെ സ്പർശിക്കുന്നുവെന്ന് തോന്നിയേക്കാം.എന്നാൽ അതൊക്കെ വെറും തോന്നലല്ലാതെ യാഥാർത്ഥ്യമായി തീരുവാൻ വിശ്വാസം നമുക്ക് ഉപയോഗിക്കാം.



Sis. Shanthamma Varghese

**ശാന്തമ്മ വർഗീസ്**